ക്ലീൻ കേരള മിഷൻ പദ്ധതികൾ

297 (3278) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാർട്ട്ണർ കേരള മിഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ലീൻ കേരള മിഷന്റെ ഭാഗമായി മൊത്തം എത്ര പദ്ധതികൾ തെരഞ്ഞെടുത്തു ; ഈ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വികസന പദ്ധതികൾക്കു വേണ്ട സ്ഥലം നഗരസഭ നൽകണമെന്നും പദ്ധതിചെലവ് പൂർണ്ണമായും സ്വകാര്യ നിക്ഷേപകർ വഹിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. പ്രാദേശിക സർക്കാരുകൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കണ്ടെത്തിയ ബസ് സ്റ്റാൻഡുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, പാർക്കുകൾ, കൺവെൻഷൻ സെന്ററുകൾ, സ്റ്റാട്ടർ ഹൗസുകൾ, പൊതുശ്മശാനങ്ങൾ തുടങ്ങിയ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) ക്ലീൻ കേരള മിഷൻ നിലവിലില്ലാത്തതിനാൽ ആയതിന്റെ ഭാഗമായി പദ്ധതികളൊന്നും തന്നെ തെരഞ്ഞെടുത്തിട്ടില്ല.

(സി) ബാധകമല്ല.

കായംകുളം നഗരസഭ നടപ്പാക്കിയ പ്രവൃത്തികൾ

298 (3279) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നഗരസഭ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2013-14, 2014-15 വർഷങ്ങളിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പൂർത്തീകരിച്ച പ്രവൃത്തികൾ, നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly